പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1040 — 30.01.2019 ൽ മറുപടിയ്ക്ക്.

## കരിമ്പുഴ ഐ.ടി.ഐ. യുടെ വികസനം

*ചോദ്യം* — *ഉത്തരം*

ശ്രീ.പി. ഉണ്ണി :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. യുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) ഐ.ടി.ഐ യുടെ നടത്തിപ്പിനാവശ്യമായ 8 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കരാർ അടിസ്ഥാനത്തിൽ 2 സെക്യൂരിറ്റി ജീവനക്കാരെയും ഒരു ശുചീകരണ തൊഴിലാളിയെയും നിയമിച്ചു. ട്രെയിനികളുടെ ട്രെയിനിംഗ് ആവശ്യത്തിനായി യന്ത്രോപകരണങ്ങൾ അനുവദിച്ചു. നിലവിലുള്ള പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡുകൾക്ക് എൻ.സി.വി.റ്റി അംഗീകാരം ലഭിച്ചതും പ്രസ്തുത ഐ.ടി.ഐ.യുടെ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചതും നിലവിലെ സർക്കാരിന്റെ കാലത്താണ്. |
| (ബി) ഐ.ടി.ഐ.യുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച നിലവിലുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഏങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള രണ്ടു ട്രേഡുകളിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ള കെട്ടിടത്തിൽ ഉള്ളത്. പ്ലംബർ ട്രേഡ് താൽക്കാലിക സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. പ്ലബർ ട്രേഡും, ഭാവിയിൽ ഉണ്ടാകുന്ന ട്രേഡുകൾക്കും വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് ഒരു പ്ലാൻ പൊതുമരാമത്ത് വകുപ്പ് ഷൊർണ്ണൂർ കെട്ടിട നിർമ്മാണ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് |

| | | |
|---|---|---|
| | | തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. നിലവിൽ ഐ.ടി.ഐ പ്രവർത്തിക്കുന്നത് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ 2 ഏക്കർ സ്ഥലത്താണ്. ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമായിട്ടില്ല. ഉടമസ്ഥാവകാശം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. സ്ഥലം പൂർണ്ണമായും വകുപ്പിന് കൈമാറിയെങ്കിൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. യന്ത്രോപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ